ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.04.2025**

## പ്രധാനവാർത്തകൾ

1) ലഹരി വിരുദ്ധ പോരാട്ടത്തിനായി രാഷ്ട്രീയ പാർട്ടികളുടെയും മതമേലധ്യക്ഷന്മാരുടെയും പിന്തുണ ഉറപ്പുവരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.
2) വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികളിൽ നിർണായക ഇടപെടലുമായി സുപ്രീംകോടതി. ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് കോടതി നാളെ വീണ്ടും വാദം കേൾക്കും.
3) സുപ്രീംകോടതിയുടെ അടുത്ത ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായിയുടെ പേര് ശുപാർശ ചെയ്തു.
4) മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ–
5) അന്ത്യ അത്താഴ സ്മരണ പുതുക്കി നാളെ പെസഹ വ്യാഴം

RNUTVPM

## 6) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി ഇൻട്രോ**

ലഹരിക്കെതിരായ പോരാട്ടം സംസ്ഥാനത്ത് വിജയകരമാക്കുന്നതിന് ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ട് വരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വിരുദ്ധ ക്യാമ്പയിൻ സംസ്ഥാനത്ത് വിപുലമാക്കുമെന്നും ഇതിനായി രാഷ്ട്രീയ പാർട്ടികളുടെയും മതമേലധ്യക്ഷന്മാരുടെയും പിന്തുണ ഉറപ്പുവരുത്തിയെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മതപഠന ശാലകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിനും, മതമേലധ്യക്ഷന്മാരുടെ യോഗത്തിനും ശേഷമാണ് മുഖ്യമന്ത്രി മാധ്യമങ്ങളെ കണ്ടത്.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**വഖഫ് കോടതി**

PNJTVPM

വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുള്ള ഹർജികളിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി നാളെ വീണ്ടും വാദം കേൾക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ മൂന്നംഗ ബഞ്ചാണ് ഹർജികൾ ഇന്ന് പരിഗണിച്ചത്. വഖഫ് സ്വത്തായി ഇതിനകം തന്നെ ഉപയോഗത്തിലൂടെയോ, കോടതി ഉത്തരവിലൂടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വസ്തുവകകൾ പുതിയ നിയമം വഴി ഡിനോട്ടിഫൈ ചെയ്യരുതെന്നാണ് സുപ്രീംകോടതി ഇടക്കാല ഉത്തരവിൽ പറയുന്നത്. വഖഫ് ബോർഡിലെ എക്സ്-ഒഫിഷ്യോ അംഗമൊഴികെ, മറ്റെല്ലാവരും മുസ്ലിം വിഭാഗത്തിൽ നിന്നാകണമെന്നും കോടതി നിർദ്ദേശിച്ചു. ജില്ലാ കളക്ടരുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്ന കാലയളവിൽ ഇത്തരം വസ്തുവകകളെ, വഖഫ് ആയി കണക്കാക്കില്ല എന്ന നിയമത്തിലെ വ്യവസ്ഥയും നടപ്പാക്കരുതെന്നാണ് ഇടക്കാല ഉത്തരവിലെ നിർദ്ദേശം. എന്നാൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കും മുൻപ് കേന്ദ്ര സർക്കാരിൻറെ വാദം വീണ്ടും കേൾക്കണമെന്ന സോളിസിറ്റർ ജനറലിൻറെ അഭ്യർത്ഥന പരിഗണിച്ച് വാദം നാളെയും തുടരാൻ കോടതി തീരുമാനിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## ബി ആർ ഗവായ്

സുപ്രീംകോടതിയുടെ അടുത്ത ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായിയെ ശുപാർശ ചെയ്തു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയാണ് അദ്ദേഹത്തിന്റെ പേര് ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് കത്തയച്ചത്. സുപ്രീംകോടതിയിലെ മുതിർന്ന ജഡ്ജിയെ നിലവിലെ ചീഫ് ജസ്റ്റിസ് ശുപാർശ ചെയ്യുന്നതാണ് കീഴ്വഴക്കം. ആറ് മാസത്തെ കാലാവധി പൂർത്തിയാക്കി അടുത്ത മാസം 13 നാണ് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന വിരമിക്കുക. .

&&&&&&&&&&&&&&&&&&

## സജി ചെറിയാൻ - മുതലപ്പോഴി (ഇൻട്രോ)

മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികൾക്കൊപ്പമാണ് സർക്കാരെന്നും, പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്നും ഫിഷറീസ് മന്ത്രി സജി ചെറിയാൻ. ഡ്രഡ്ജറിന്റെ പ്രവർത്തനം മൂന്നുദിവസത്തേക്ക് 20 മണിക്കൂറായി ഉയർത്തുമെന്നും, കണ്ണൂരിൽ നിന്നും കടൽ മാർഗം ഡ്രഡ്ജർ എത്തിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഡ്രഡ്ജ് ചെയ്ത മണൽ നാളെ മുതൽ നീക്കം ചെയ്തു തുടങ്ങും. പൊഴി മുറിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്നും

RNUTVPM

മന്ത്രി അറിയിച്ചു.
(വോയിസ്)

&&&&&&&&&&&&&&&&&&&

**എസ്എഫ്ഐഒ - മാസപ്പടി കേസ്**

മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ഉൾപ്പെട്ട സിഎംആർഎൽ- എക്സാലോജിക് പണമിടപാടിൽ ക്രമക്കേടു നടന്നെന്ന SFIO അന്വേഷണ റിപ്പോർട്ടിൽ രണ്ടു മാസത്തേക്കു തുടർ നടപടി നിർത്തിവയ്ക്കാൻ ഹൈക്കോടതി നിർദേശം. തുടർ നടപടി തടയണമെന്നാവശ്യപ്പെട്ട് സിഎംആർഎൽ ആണ് ഹൈക്കോടതിയെ സമീപിച്ചത്. തങ്ങളുടെ വാദം കേൾക്കാതെയാണ് റിപ്പോർട്ടിൽ തുടർ നടപടി സ്വീകരിക്കാൻ കൊച്ചിയിലെ പ്രത്യേക കോടതി നിർദേശം നൽകിയതെന്ന, സിഎംആർഎലിന്റെ വാദം പരിഗണിച്ചാണ് നടപടി. വേനൽ അവധിക്ക് ശേഷം കേസ് വീണ്ടും പരിഗണിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

**പരിശോധനാ സമിതി**

2026 ലെ പത്മ പുരസ്കാരങ്ങൾക്ക് ശുപാർശ ചെയ്യേണ്ട വ്യക്തികളെ കണ്ടെത്തുന്നതിനും, പട്ടികയ്ക്ക് അന്തിമ രൂപം നൽകുന്നതിനുമായി പരിശോധനാ സമിതി രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. മന്ത്രി സജി ചെറിയാൻ കൺവീനറായ സമിതിയിൽ മന്ത്രിമാരായ കെ രാജൻ, കെ ബി ഗണേഷ് കുമാർ, റോഷി അഗസ്റ്റിൻ തുടങ്ങിയവരും അംഗങ്ങളാണ്.

&&&&&&&&&&&&&&&&&&

**വഖഫ് - മുസ്‌ലിംലീഗ് റാലി**

RNUTVPM

വഖഫ് നിയമ ഭേദഗതിക്കെതിരെ മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച മഹാറാലി കോഴിക്കോട് കടപ്പുറത്ത് പുരോഗമിക്കുന്നു. സുപ്രീം കോടതിയിൽ പ്രതീക്ഷയുണ്ടെന്നും നിയമപോരാട്ടം തുടരുമെന്നും റാലി ഉദ്ഘാടനം ചെയ്തുകൊണ്ട് മുസ്ലീം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. മുനമ്പം വിഷയത്തിൽ ചർച്ചകളിലൂടെ പരിഹാരം കാണണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ് കെ.എം ഖാദർ മൊയ്തീൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ

കുഞ്ഞാലിക്കുട്ടി, തുടങ്ങി ദേശീയ-സംസ്ഥാന നേതാക്കൾ മഹാറാലിയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## ഹൈക്കോടതി നോട്ടിസ്

മുഖ്യമന്ത്രിയുടെ മകൾ ഉൾപ്പെട്ട സിഎംആർഎൽ-എക്സാലോജിക് പണമിടപാടിൽ സിബിഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജിയിൽ, മുഖ്യമന്ത്രി പിണറായി വിജയനും മകൾ വീണയ്ക്കും ഹൈക്കോടതി നോട്ടിസ്.

ഇൻററിം സെറ്റിൽമെൻറ് ബോർഡിൻറെ റിപ്പോർട്ടിലെ പേരുകൾ കേന്ദ്ര സർക്കാർ ഹാജരാക്കണം എന്നും കോടതി ആവശ്യപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&

## പെസഹ (ഇൻട്രോ)

അന്ത്യ അത്താഴ സ്മരണ പുതുക്കി ക്രൈസ്തവർ നാളെ പെസഹ വ്യാഴം ആചരിക്കും. പ്രത്യേക പ്രാർത്ഥനയ്ക്കും, കാൽ കഴുകൽ ശുശ്രൂഷയ്ക്കുമുള്ള തയാറെടുപ്പുകൾ ദേവാലയങ്ങളിൽ പൂർത്തിയായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

## നിലമ്പൂർ ബൈപാസ്-ധനാനുമതി

നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 227 കോടി രൂപയുടെ പദ്ധതിക്ക് ധനാനുമതി നൽകിയതായി മന്ത്രി കെ. എൻ ബാലഗോപാൽ . രണ്ടു ഘട്ടമായാണ് റോഡ് നിർമ്മിക്കുക. പദ്ധതിക്കായി നിലമ്പൂർ താലൂക്കിലെ 10.66 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുക.

RNUTVPM

&&&&&&&&&&&&&&&&&&&

## സുരക്ഷിത പ്രസവം - യോഗം

വീടുകളിലെ പ്രസവം സംബന്ധിച്ച് നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ അകറ്റാനും ബോധവത്ക്കരണം ശക്തമാക്കാനും മലപ്പുറം ജില്ലാ കളക്ടർ വിളിച്ചു ചേർത്ത മതനേതാക്കളുടെ യോഗത്തിൽ സമവായം. ഒരു മതവും പ്രസവത്തിന് ആശുപത്രികളിൽ ചികിത്സ തേടുന്നതിനെ എതിർക്കുന്നില്ലെന്നും ചികിത്സയും ശരിയായ പരിചരണവും വേണമെന്ന് നിഷ്കർഷിക്കുകയാണ് ചെയ്യുന്നതെന്നും

യോഗത്തിൽ പങ്കെടുത്ത മത നേതാക്കൾ അഭിപ്രായപ്പെട്ടു. ആശുപത്രികളിലെ പ്രസവം പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പ് നടത്തുന്ന ക്യാംപയിന്റെ ഭാഗമായാണ് യോഗം വിളിച്ചത്.

&&&&&&&&&&&&&&&&&&

## ഫിലിം അവാർഡ്

സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം തിരുവനന്തപുരം നിശാഗന്ധിയിൽ നിർവഹിക്കും. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി.ഡാനിയേൽ അവാർഡ് സംവിധായകൻ ഷാജി.എൻ.കരുണിന് സമ്മാനിക്കും. 48 ചലച്ചിത്ര പ്രതിഭകൾ ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങും.

RIJU TVPM

&&&&&&&&&&&&&&&&&&

## മുതലപ്പൊഴി - ന്യൂനപക്ഷ കമ്മീഷൻ

മുതലപ്പൊഴി അപകടത്തെ തുടർന്ന് പൊഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ അടുത്ത മാസം 15 നകം പൂർണമായും നീക്കം ചെയ്യുമെന്ന് ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെ അറിയിച്ചു. മുതലപ്പൊഴി

സംബന്ധിച്ച് കമ്മീഷൻ സ്വമേധയാ എടുത്ത കേസിൽ, തിരുവനന്തപുരത്ത് നടന്ന സിറ്റിംഗിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ചാനലിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി തുടർന്നുവരുന്നതായും ഒരാഴ്ചയ്ക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുമെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഐ.പി.എൽ**

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

RIJU TVPM

&&&&&&&&&&&&&&&&&&

**ഓഹരി/ സ്വർണ വില**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 309 പോയിൻറ് നേട്ടത്തിൽ 77,044 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 108 പോയിൻറ് നേട്ടത്തിൽ 23,437 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ വിലയിൽ വർദ്ധന. പവന് 760 രൂപ വർദ്ധിച്ച് 70,520 രൂപയും ഗ്രാമിന് 95 രൂപ വർദ്ധിച്ച് 8,815 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

**മന്ത്രി വീണാ ജോർജ്- N. Q .A. S അംഗീകാരം**

സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്. ഇതോടെ സംസ്ഥാനത്ത് N. Q .A. S അംഗീകാരം ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം 227 ആയി. അടൂർ ജനറൽ ആശുപത്രി,നിലമ്പൂർ ജില്ലാ ആശുപത്രി എന്നിവ പുതിയതായി N. Q .A. S ലഭിച്ച സ്ഥാപനങ്ങളിൽ ഉൾപെടുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&